പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5780 03.11.2016-ലെ മറുപടി

കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ്: | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | നാട്ടിൻപുറങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകാൻ പോകുന്നതിനാൽ ഇതിന്റെ മുൻകരുതലായി കുടിവെള്ളത്തിനായി ഗ്രാമപഞ്ചായത്ത് തോറും എന്തെങ്കിലും കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ; | എ | കടുത്ത വരൾച്ച മുന്നിൽ കണ്ടു കൊണ്ട് വാട്ടർ അതോറിറ്റി താഴെപ്പറയുന്ന അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പു വരുത്തുക.<br>2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പു ലൈൻ ദീർഘിപ്പിച്ചു ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>6. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.<br>7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്ന തിനും, കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br>8. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>9. പണികൾ അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്ന പദ്ധതികൾ അടിയന്തിര മായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കും. |

ജലശുദ്ധീകരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വിതരണ ശൃംഖലകൾ ഇല്ലാത്തതുമൂലം മുടങ്ങി കിടക്കുന്ന 9 പദ്ധതികൾക്കായി 2016-17 ലെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധന സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. റിവൈസ് ചെയ്ത പദ്ധതിയനുസരിച്ച് 1358.53 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2018 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജലസംരക്ഷണം ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മ പരിപാടികൾ നടപ്പാക്കി വരുന്നു. സുസ്ഥിര കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബൃഹദ് പദ്ധതികളിൽ നിന്നും കുടിവെള്ളം ബൾക്ക് ആയി വാങ്ങി ജലനിധി മാതൃകയിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 3 മൾട്ടി ജി.പി ബൃഹദ് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജല വിതരണം നടത്തുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. രണ്ട് പുതിയ മൾട്ടി ജി.പി പദ്ധതികൾ (നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തു കൾക്കും, ചീക്കോട്ടും സമീപ പഞ്ചായത്തുകൾക്കും) കൂടി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി

നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

കിണർ റീചാർജ്ജിംഗ്, കിണറുകളുടെ ആഴം കൂട്ടൽ എന്നീ പ്രവർത്തനങ്ങൾ കുടിവെള്ള ക്ഷാമം രൂക്ഷമാകാൻ പോകുന്നതിന്റെ മുൻകരുതലായി ഗ്രാമപഞ്ചായത്ത് തോറും നടപ്പിലാക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു.

| | | | |
|---|---|---|---|
| ബി | നിലവിൽ ഏതൊക്കെ സ്കീമിലാണ് ഇപ്പോൾ കുടിവെള്ള പദ്ധതി ഉള്ളതെന്ന് വിശദമാക്കുമോ? | ബി | കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും, നബാർഡ്, ജിക്ക തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ നടപ്പിലാക്കുന്ന സ്കീമുകളാണ് ഇപ്പോൾ കുടിവെള്ള പദ്ധതികൾ ഉള്ളത്. ഇതു കൂടാതെ തീരദേശ വികസന വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്, പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഡെപ്പോസിറ്റായി ലഭിക്കുന്ന തുക ഉപയോഗിച്ചും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>05.10.2016-ലെ 279/ഡി.ഡി.2/2016/ തസ്വ ഭവ നമ്പർ സർക്കുലർ പ്രകാരം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള സ്രോതസ്സുകളുൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ, മൺതടയണകൾ. നില അണകൾ, ചെക്ക് ഡാമുകൾ തുടങ്ങിയ നിർമ്മിതികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലനിധി മുഖേന കുടിവെള്ള പദ്ധതികൾ, വാട്ടർ അതോറിറ്റി മുഖേന ജലവിതരണം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ